(സി&ഡി) ഇടുക്കി ഡിവിഷൻ ഉൾപ്പെടെയുള്ള വിദൂര ജില്ലകളിൽനിന്നും എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ ബോർഡ് യൂണിറ്റിലേക്ക് സേവനം ചെയ്യാൻ പ്രിവന്റീവ് ഓഫീസർമാർ തയ്യാറാകാതിരുന്നതിനെത്തുടർന്ന് ടി ഒഴിവുകൾ ഭരണസൗകര്യാർത്ഥം തിരുവനന്തപുരം ഡിവിഷനിൽ നൽകിയിട്ടുണ്ട്. മറ്റ് പല ജില്ലകളിലേയും പ്രിവന്റീവ് ഓഫീസർമാർക്ക് നിലവിലെ ചട്ട പ്രകാരം ഹെഡ്ക്വാർട്ടേഴ്സിൽ നിയമനം നൽകി വരുന്നുണ്ട്. 30-6-2015-ലെ ഒ.എ (ഇ.കെ.എം) 488/2014 നമ്പർ ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ടുന്ന റിവ്യൂ പെറ്റീഷന് കോടതിയിൽനിന്നും ലഭിക്കുന്ന അന്തിമ വിധിക്കനുസൃതമായി ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

വ്യോമ നിരീക്ഷണ സംവിധാനം

138 (3648) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീര സുരക്ഷയും, തീരപ്രദേശങ്ങളിലെ തന്ത്രപ്രധാന സ്ഥാപനങ്ങളുടെ സുരക്ഷയും ലക്ഷ്യമിട്ടുള്ള വ്യോമ നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം കേന്ദ്രങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര സർക്കാരിൽനിന്നും പ്രസ്തുത പദ്ധതിക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സഹായവാഗ്ദാനമുണ്ടോ എന്ന വസ്തുത വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരസുരക്ഷ ലക്ഷ്യമാക്കി 2002 മുതൽ കോസ്റ്റ് ഗാർഡ് പരിമിതമായ രീതിയിൽ വ്യോമ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. വ്യോമ നിരീക്ഷണം പൂർണ്ണ തോതിൽ ഉപയോഗപ്പെടുത്തുന്നതിനായി നിലവിലെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് 'എയർ എൻക്ലേവ്' സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ കോസ്റ്റ് ഗാർഡിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കോസ്റ്റൽ പോലീസിന് വ്യോമ നിരീക്ഷണ സംവിധാനം ലഭ്യമാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം എന്നിവയോട് ചേർന്നുള്ള സ്ഥലം അനുയോജ്യമാണെന്ന് കോസ്റ്റ് ഗാർഡ് കണ്ടെത്തിയിട്ടുണ്ട്.

(സി) പദ്ധതിക്കുവേണ്ട ധനസഹായം പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

തുറമുഖ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷൻ

139 (3649) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിലേക്ക് സെലക്ട് ലിസ്റ്റിലെ ആദ്യ രണ്ടുപേരെയും ഒഴിവാക്കി മൂന്നാമത്തെയാൾക്ക് പ്രൊമോഷൻ നൽകാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(ബി) 19-8-2015-ലെ G.O.(Rt) No. 698/2015/F &PD ഉത്തരവിൽ അച്ചടക്ക നടപടി നിലവിലുള്ളതിനാൽ ആദ്യ രണ്ടുപേർക്ക് പ്രൊമോഷൻ നൽകിയില്ല എന്ന പരാമർശമുണ്ടോ; എങ്കിൽ ഇവർക്കെതിരായ അച്ചടക്ക നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ആയതിന്റെ നടപടി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) അച്ചടക്ക നടപടി നിലവിലിരിക്കെ ജീവനക്കാരെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താറുണ്ടോ; വിശദമാക്കാമോ;

(ഡി) തുറമുഖ വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെക്കാനിക്കൽ) മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇവ എന്ന് മുതലാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 29-11-2002-ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) യോഗം ആദ്യ രണ്ടുപേരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ അവരെ സെലക്ട് ലിസ്റ്റിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചു.

(ബി) ഉണ്ട്. 29-11-2002 - ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) യോഗം ആദ്യ രണ്ടുപേരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ അവരെ സെലക്ട് ലിസ്റ്റിൽനിന്നും ഒഴിവാക്കുവാൻ GPM. 2/235/2020-28

LIBRARY ARCHIVES Kerala Legislative Assembly